# ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

നം . 853/ജി4/2017/ഡി.എ.എം.ഇ

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ആരോഗ്യ ഭവൻ
തിരുവനന്തപുരം
തിയതി : 25.05.2022
ഫോൺ: 0471 2339307

## വാഹനലേലം/ദർഘാസ് പരസ്യം

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ KL 01 AD 7593 എന്നാ അംബാസിഡർ (2004 മോഡൽ) ഡീസൽ കാർ 15.07.2022 ന ഉച്ചയ്ക്ക് ശേഷം 2.30 മണിക്ക് തിരുവനന്തപുരം പുളിമൂട് ആരോഗ്യഭവൻ കെട്ടിടത്തിൽ വച്ച് പരസ്യമായി ലേലം/ടെണ്ടർ വഴി വിൽക്കാൻ തീരുമാനിച്ചിരിക്കുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ അന്നേദിവസം ഉച്ചയ്ക്ക് 2.00 മണിക്ക് മുന്പായി ടി വാഹനത്തിനു നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യമായ 3000/- രൂപ ഡയറക്ടറുടെ കാര്യാലയത്തിൽ അടച്ച് രസീത് വാങ്ങേണ്ടതാണ്. നിരതദ്രവ്യം അടയ്ക്കുന്ന സമയത്ത് തിരിച്ചറിയൽ രേഖ (ആധാർ, വോട്ടേഴ്സ് ഐ.ഡി കാർഡ്, ഡ്രൈവിംഗ് ലൈസൻസ് മുതലായവ) കർശനമായും ഹാജരാക്കേണ്ടതാണ്. വാഹനം ടെണ്ടർ വഴി വാങ്ങുവാൻ താല്പര്യപ്പെടുന്നവർ മുൻകൂട്ടി സീൽ ചെയ്ത ടെണ്ടറുകൾ ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യഭവൻ, പുളിമൂട്, തിരുവനന്തപുരം - 1 എന്ന വിലാസത്തിൽ 14.07.2022 തിയതി വൈകുന്നേരം 3 മണിക്ക് മുന്പായി ടി കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത സമയത്തിനു ശേഷം ലഭിക്കുന്ന ടെണ്ടറുകൾ പരിഗണിക്കുന്നതല്ല. ടെണ്ടർ അയയ്ക്കുന്ന കവറിനു മുകളിൽ 'വാഹനം ലേലം കൊള്ളുന്നതിനുള്ള ടെണ്ടർ' എന്ന് രേഖപ്പെടുത്തിയിരിക്കണം.

ലേലദിവസം ഉച്ചയ്ക്ക് ശേഷം കൃത്യം 2.30 ന തന്നെ ലേല നടപടികൾ ആരംഭിക്കുന്നതാണ്. ലേലം വിളി അവസാനിച്ചാലുടൻ തന്നെ ടെണ്ടറുകൾ തുറക്കുന്നതും ലേലത്തിലോ ടെണ്ടറിലോ ഏതിലാണോ കൂടുതൽ തുക കാണുന്നത് ആയത് താൽക്കാലികമായി ഉറപ്പിക്കുന്നതുമാണ്. പ്രസ്തുത വ്യക്തി ലേലം/ടെണ്ടർ തുകയുടെ നാലിലൊരു ഭാഗം (നിരതദ്രവ്യം ഉൾപ്പെടെ) ലേല സ്ഥലത്ത് വച്ച് അടയ്ക്കേണ്ടതും ബാക്കി തുക നികുതി ഉൾപ്പെടെ മൂന്നു ദിവസത്തിനകം അടച്ച് വാഹനം നീക്കം ചെയ്യേണ്ടതുമാണ് ടെണ്ടർ നൽകുന്ന വ്യക്തി ലേല ദിവസം ഹാജരാകുന്നില്ലെങ്കിൽ നിരതദ്രവ്യം ഉൾപ്പെടെ ടെണ്ടർ തുകയുടെ നാലിലൊന്നു ഡിമാന്റ് ഡ്രാഫ്റ്റ് ആയി ടെണ്ടറിനൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത ടെണ്ടർ പരിഗണിക്കുന്നതല്ല. ലേലം താൽക്കാലികമായി സ്ഥിരപ്പെട്ട കഴിഞ്ഞാൽ ബന്ധപ്പെട്ട വ്യക്തി ലേല നിബന്ധനകൾ പാലിക്കാത്ത പക്ഷം അയാളുടെ പേരിലുള്ള ലേലം അസ്ഥിരപ്പെടുത്തുന്നതും നിരതദ്രവ്യം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് മുതല്കൂട്ടുന്നതും തൊട്ടടുത്ത ഏറ്റവും കൂടുതൽ തുക വിളിച്ച ആളിന്റെ പേരിലേക്ക് ലേലം സ്ഥിരപ്പെടുത്തുന്നതുമാണ്.

വാഹനം പരിശോധിക്കുവാൻ താല്പര്യമുള്ളവർക്ക് പ്രവൃത്തി ദിവസങ്ങളിൽ വൈകുന്നേരം 3.00 മണി മുതൽ 5.00 മണി വരെ അതിനു അവസരമുണ്ടായിരിക്കുന്നതാണ്. ലേല ദിവസം പൊതു അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ഉച്ചയ്ക്ക് ശേഷം 2.30 മണിക്ക്തന്നെ ലേല നടപടികൾ കൈക്കൊള്ളുന്നതായിരിക്കും. കാരണം കൂടാതെ ലേലം/ടെണ്ടർ സ്ഥിനീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അവകാശം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

ഡയറക്ടർ
ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

നോട്ടീസ് ബോർഡ്